# ECHO OF HIS CALL

## വിളിയുടെ പ്രതിധ്വനി

**MALAYALAM**

ECHO OF HIS CALL

ESTD: 1969

*India's National Spiritual Newspaper*

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAANS

**Editor : S. SAM SELVA RAJ** | **16 Languages** | **Associate Editor : Mr. Benjamin Moses**

**Vol. XXV** | **YEAR OF OUR LORD JESUS CHRIST, 2018 OCTOBER** | **No. 3**


### വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

**കർത്താവിനു സ്തോത്രം**

**സങ്കീർത്തനങ്ങൾ 103:11–22**

11. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോട് വലുതായിരിക്കുന്നു.
12. ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോട് അകറ്റിയിരിക്കുന്നു.
13. അപ്പന് മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു.
14. അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ; നാം പൊടി എന്ന് അവൻ ഓർക്കുന്നു.
15. മനുഷ്യന്റെ ആയുസ്സ് പുല്ലുപോലെയാകുന്നു; വയലിലെ പൂപോലെ അവൻ പൂക്കുന്നു.
16. കാറ്റ് അതിന്മേൽ അടിക്കുമ്പോൾ അത് ഇല്ലാതെ പോകുന്നു; അതിന്റെ സ്ഥലം പിന്നെ അതിനെ അറികയുമില്ല.
17. യഹോവയുടെ ദയയോ എന്നും എന്നേക്കും അവന്റെ ഭക്തന്മാർക്കും അവന്റെ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും.
18. അവന്റെ നിയമത്തെ പ്രമാണിക്കുന്നവർക്കും അവന്റെ കല്പനകളെ ഓർത്ത് ആചരിക്കുന്നവർക്കുംതന്നെ.
19. യഹോവ തന്റെ സിംഹാസനത്തെ സ്വർഗത്തിൽ സ്ഥാപിച്ചിരിക്കുന്നു; അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നു.
20. അവന്റെ വചനത്തിന്റെ ശബ്ദം കേട്ട് അവന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരായി അവന്റെ ദൂതന്മാരായുള്ളോരേ, യഹോവയെ വാഴ്ത്തുവിൻ.
21. അവന്റെ ഇഷ്ടം ചെയ്യുന്ന ശുശ്രൂഷക്കാരായി അവന്റെ സകല സൈന്യങ്ങളുമായുള്ളോരേ, യഹോവയെ വാഴ്ത്തുവിൻ;
22. അവന്റെ ആധിപത്യത്തിലെ സകല സ്ഥലങ്ങളിലുമുള്ള അവന്റെ സകല പ്രവൃത്തികളുമേ, യഹോവയെ വാഴ്ത്തുവിൻ; എൻ മനമേ, യഹോവയെ വാഴ്ത്തുക.

# ആത്മീകശക്തിയുടെ രഹസ്യം!

## THE SECRET OF SPIRITUAL STRENGTH!

യിസ്രായേൽ ജനങ്ങളോട് യെശയ്യാപ്രവാചകൻ "കഷ്ടം" എന്ന് പ്രഖ്യാപിച്ചു. "മത്സരമുള്ള മക്കൾക്ക് അയ്യോ കഷ്ടം എന്ന് യഹോവ അരുളിച്ചെയ്യുന്നു" (യെശയ്യാവ് 30:2) അഗാധമായ സങ്കടം, അല്ലെങ്കിൽ വേദന എന്നാണ് കഷ്ടം എന്നതിന്റെ എബ്രായ അർത്ഥം. ദൈവജനം ദൈവത്തെ ഇത്രമാത്രം വേദനിപ്പിച്ചതെങ്ങനെയാണ്? മത്സരമുള്ളവർ എന്ന് ദൈവം അവരെ വിളിച്ചതെന്തുകൊണ്ട്? അവർ അവിശ്വാസികളല്ല; ദൈവത്തിന്റെ സ്വന്തം മക്കളാണ്. ദൈവം അവരെ മാത്സര്യമുള്ളവർ എന്ന് സംബോധന ചെയ്യത്തക്കവണ്ണം അവർ എന്തു ഭയങ്കരമായ പാപമാണ് അവർ ചെയ്തത്?

മത്സരം എന്ന വാക്ക് യെശയ്യാവ് ഈ സംഭവത്തിന് രേഖപ്പെടുത്തിയിരിക്കുന്നതിന്റെ അർത്ഥം പിന്മാറ്റം, വാശി എന്നൊക്കെയാണ്. എന്തിൽ നിന്നാണ് ദൈവജനം പിന്മാറിപ്പോയത്? എന്താണതിന്റെ കാരണം?

അടുത്ത വാക്യത്തിൽ തന്നെ ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകിയിരിക്കുന്നു. "പാപത്തോടു പാപം കൂട്ടുവാൻ തക്കവണ്ണം എന്നെ കൂടാതെ ആലോചന കഴിക്കയും, എന്റെ ആത്മാവിനെ കൂടാതെ സഖ്യത ചെയ്കയും..." (യെശയ്യാവ് 30:1). "സംരക്ഷണയിൽ തങ്ങളെത്തന്നെ സംരക്ഷിക്കുക" എന്നാൽ ദൈവത്തെ കൂടാതെ പദ്ധതികൾ തയ്യാറാക്കുക എന്നാണ്. "എന്റെ ജനം എന്റെ അരുളപ്പാടു ചോദിക്കാതെ മിസ്രയീമിലേക്കു പോകയും ചെയ്യുന്ന മക്കൾക്ക് അയ്യോ കഷ്ടം എന്നു യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ ഫറവോന്റെ സംരക്ഷണം നിങ്ങൾക്കു നാണമായും മിസ്രയീമിന്റെ നിഴലിലെ ശരണം ലജ്ജയായും ഭവിക്കും".

ഇക്കാലത്ത് മത്സരം എന്നാൽ ദൈവവചനം അനുസരിക്കാതെ മയക്കുമരുന്ന്, മദ്യം, വ്യഭിചാരം, മറ്റു പാപങ്ങൾ എന്നിവയിലേക്കു തിരിയുന്നതാണെന്നു നാം വിശ്വസിക്കുന്നു. ദൈവം ഇവിടെ പരാമർശിക്കുന്ന പാപം ഇതിനെക്കാളൊക്കെ കാഠിന്യമേറിയതാണ്. ദൈവജനം തന്നെ ഇങ്ങനെ പറയുകയാണ്: "നമുക്ക് വിവേകവും ധൈര്യവുമുള്ളതിനാൽ ദൈവത്തെ ബുദ്ധിമുട്ടിക്കാതെ കാര്യങ്ങൾ നമുക്കുതന്നെ ചെയ്യാം. സാഹചര്യങ്ങൾ എത്രതന്നെ ചെറുതായിരുന്നാലും ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിക്കണം എന്ന് ദൈ

**2019 – സുവർണ്ണ ജൂബിലി വർഷം**

*3–ാം പേജിൽ തുടരും...*

*Touching lives by Teaching...Since 1969*

# വിളിയുടെ പ്രതിധ്വനി

തമിഴ്, മലയാളം, ഇംഗ്ലീഷ്, തെലുങ്ക്, ഹിന്ദി, കന്നഡ, മറാത്തി, ബംഗാളി, ആസാമീസ്, പഞ്ചാബി, ഗുജറാത്തി, ഒറിയ, നേപ്പാളി, ഉറുദു, സിംഹളം, ആഫ്രിക്കൻസ് - മാസിക.



**"എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു"** (ഫിലിപ്പിയർ 4:13)

കർത്താവും രക്ഷിതാവുമായ അതിശയനാമമുള്ളവന്റെ നാമത്തിൽ ഏവർക്കും സ്നേഹവന്ദനം.

എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിളിയുടെ പ്രതിധ്വനിയിലൂടെ ലോകം മുഴുവനുമുള്ള അനേകർ ജീവിക്കുന്ന കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയാൽ നിറയപ്പെട്ടു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. ഇങ്ങനെയുള്ള വാർത്തകളും, ഇമെയിലുകളും, വ്യക്തിപരമായ ഫോൺ സന്ദേശങ്ങളും ഞങ്ങൾക്കു ലഭിക്കുന്നു. പല ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനിയുടെ അസോസിയേറ്റ് എഡിറ്റർമാരുടെ സേവനങ്ങൾക്ക് ദൈവത്തിന് നന്ദിയർപ്പിക്കുന്നു. അവരെ കൂടാതെ അനേകം ജീവനക്കാരും അച്ചടിശാലയിലെ ജീവനക്കാരും പ്രവർത്തിക്കുന്നു. എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. ഞങ്ങളെ സഹായിക്കുകയും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന സുഹൃത്തുക്കൾക്കായി ഞങ്ങൾ നന്ദിയുള്ളവരാണ്. വിളിയുടെ പ്രതിധ്വനിയിലൂടെ ദൈവം പ്രവർത്തിക്കുന്നു എന്നു കാണുന്നതിൽ സന്തോഷമുണ്ട്.

രാജ്യങ്ങൾ സുവിശേഷം കൊണ്ട് നിറഞ്ഞ് ദൈവീക ശക്തി പ്രാപിക്കുവാനായി ഞങ്ങൾ നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ സുവിശേഷം എത്തിച്ചേരാത്ത പുതിയ വാതിലുകൾ ഞങ്ങൾ ക്ക് തുറന്നു കിട്ടുന്നതിൽ ദൈവത്തിന് നന്ദിയർപ്പിക്കുന്നു.



ഡെയിലി ഹെവൻലി മന്ന എന്ന പേരിൽ ദിനംതോറും ധ്യാനിക്കുന്നതിനുള്ള പുസ്തകം പല ഭാഷകളിലായി തയ്യാറാക്കണമെന്ന ദർശനത്തോടുകൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. രണ്ടുമൂന്നു മാസങ്ങൾക്ക കത്ത് ഇത് ആവശ്യക്കാരുടെ കരങ്ങളിൽ എത്തിച്ചേരുന്നതാണ്. ദൈവകൃപയാൽ വചനത്തെക്കുറിച്ച് പാണ്ഡിത്യമുള്ളവരെയും അച്ചടിശാലയെയും ഞങ്ങൾക്ക് തന്നിട്ടുണ്ട്. 7X10 സെന്റിമീറ്റർ ആണ് പുസ്തകത്തിന്റെ വലിപ്പം. 60 വിഷയങ്ങളിലുള്ള സന്ദേശങ്ങൾ അതിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഇത് പോക്കറ്റിലോ, ബാഗിലോ, പഴ്സിലോ, സൂക്ഷിക്കാൻ പാകത്തിലുള്ളതാണ്. എല്ലാ പ്രഭാതങ്ങളിലും മറ്റു സമയങ്ങളിലും ഇതിലെ രണ്ടു മിനിറ്റുകൊണ്ട് വായിച്ചുതീർക്കാൻ കഴിയുന്ന സന്ദേശങ്ങൾ ലഭ്യമാണ്.

**10 cm**

**7 cm**

**DAILY HEAVENLY MANNA**

**CHIEF EDITORS**
Pastor S. Sam Selva Raj
Angeline Selvakumari Henry, M.A., M.Ed.
**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.
**ADMINISTRATION**
Bro. N. Prakasam, M.A., General Manager
**EDITORIAL BOARD**
Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M. Phil., B.Ed.
Bro. J. R. Jayabalan
**ADVISORY BOARD**
Bro. N. Balaji, B.Com., B.L.
Dr. S. Rabinder Boaz, M.S.
Er. C.G.S. Baburao, B.Tech., M.Tech. (DM)
Dr. D. Dhaya Devadas
Bro. Jose Abraham
Bro. K. Puratchivendan, M.Com., B.L.
Bro. Thomas T. Jacob, B.Com., B.L.
**PUBLISHER & PRINTER**
Pastor S. SAM SELVA RAJ
**Echo of His Call Printers**
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
**Phone :** (+91-44) 2852 8282
2852 9293, 2854 7766
**Email :** sam@echoofhiscall.org
biblecor@yahoo.co.in
**Websites :**
www.echoofhiscall.org
www.echoofhiscall.com

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) BIBLECOR - Postal Courses (3 languages) Theological Correspondence Courses (2 languages) Church Planting Nehemiah Bible Colleges Gospel Printing Press Great Commission Partners Village English High School Crusades 100 Prayer Warriors Community Development

ഈ ദൈവീക ദർശനത്തിന്റെ സാക്ഷാത്കാരത്തിനായി പ്രാർത്ഥിക്കാനും സന്ദേശങ്ങൾ തയ്യാറാക്കാനും നടത്തിക്കാനുമായി വ്യക്തികളെ ആവശ്യമുണ്ട്. നിങ്ങൾ അതിൽ ഒരാളായിരിക്കാം എന്നു ഞങ്ങൾ വിചാരിക്കുന്നു. ഈ കാര്യത്തിൽ നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഞങ്ങൾ ആവശ്യപ്പെടുന്നു.

നിങ്ങൾ അറിയുന്നതുപോലെ ഞങ്ങളുടെ മുഖ്യസഭയിൽ 5 ഭാഷകളിലുള്ള ആരാധനകൾ നടക്കുന്നു എന്നത് അവിശ്വസനീയമാണ്. സെപ്റ്റംബർ 2018 മുതൽ ത്രിപുരയിലെ കക്ബോറോക്ക് ഭാഷയിലും വൈകുന്നേരം 4.00 മണിക്ക് ആരാധന ആരംഭിക്കുവാൻ ദൈവം കൃപ ചെയ്തു. ഇപ്പോൾ 6 ഭാഷകളിലായി 8 ആരാധനകൾ മുഖ്യസഭയിൽ എല്ലാ ഞായറാഴ്ചയും നടക്കുന്നു. നൂറുകണക്കിന് ശാഖാസഭകൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. ഇതിനെല്ലാം പുറമെ ചെന്നൈ നഗരത്തിൽ കുട്ടികളുടെ ശുശ്രൂഷയും ആരാധനയും താഴെ പറയുന്ന സമയത്ത് സാറ്റലൈറ്റ് സഭയിലൂടെ ലഭ്യമാണ്.

1. മെക്കാപുരം ഭാഗത്തെ സഭ : വൈകുന്നേരം 3.00
2. വെളാച്ചേരി നെഹെമ്യ ബൈബിൾ കോളെജ് സഭ : രാവിലെ 8.00, 11.00, വൈകുന്നേരം 4.00
3. ബാലാജി നഗർ സഭ : രാവിലെ 9.00, വൈകുന്നേരം 4.00, 6.00
4. സന്തോഷപുരം നെഹമ്യബൈബിൾ കോളെജ് സഭ : രാവിലെ 8.00, വൈകുന്നേരം 4.00, 4.30

നമ്മുടെ സെന്റ് പോൾ മെട്രിക്കുലേഷൻ വിദ്യാലയവും, വേളാച്ചേരിയിലും സന്തോഷപുരത്തുമുള്ള നെഹമ്യ ബൈബിൾ കോളേജുകൾ എന്നിവയും വിജയകരമായി പ്രവർത്തിച്ചു വരുന്നു. ബൈബിൾകോർ, തപാലിലൂടെയുള്ള സുവിശേഷം എന്നിവയിലൂടെ അനേകർ യേശുവിനെ അറിയുകയും രക്ഷിതാവായി സ്വീകരിക്കുകയും ചെയ്യുന്നു.

മുഖ്യസഭയിൽ എല്ലാ ആരാധനകൾ നടത്താനും, സുവിശേഷ അച്ചടിശാലയ്ക്കും, ജീവനക്കാർ പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്കും ആവശ്യമായ സ്ഥലം നമുക്ക് ഇല്ലാത്തതിനാൽ മുഖ്യസഭയുടെ കെട്ടിടം വലുതാകേണ്ടിയിരിക്കുന്നു. ശുശ്രൂഷക്കായി ഇതിനോട് ചേർന്നുള്ള ഏതെങ്കിലും കെട്ടിടം ലഭ്യമായാൽ അത് സൗകര്യപ്രദമായിരിക്കും. ദൈവത്താൽ ഇത് സാദ്ധ്യമാണ്. നിങ്ങളുടെ പ്രാർത്ഥനയും സഹായസഹകരണങ്ങളും ഞങ്ങൾ പ്രാർത്ഥനയോടെ ആവശ്യപ്പെടുന്നു. അടുത്തുതന്നെ ചില ഒഴിഞ്ഞ സ്ഥലങ്ങൾ ഉണ്ട് എന്നു ഞങ്ങൾ മനസ്സിലാക്കുന്നു. ദൈവം നയിക്കുന്നതുപോലെ പ്രവർത്തിപ്പിൻ.

കേരളത്തിൽ അടുത്തയിടെ സംഭവിച്ച പ്രളയത്തിൽ കഷ്ടപ്പെടുന്നവർക്കായി പ്രാർത്ഥിപ്പിൻ. ഞങ്ങൾ ചെറിയ രീതിയിൽ അവരെ സഹായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ നീണ്ട എഡിറ്റോറിയൽ വായിച്ചതിനായി നന്ദി. അഭിപ്രായങ്ങൾ എഴുതി അറിയിക്കുവിൻ.

ഏതു സമയത്തും താഴെ കൊടുത്തിരിക്കുന്ന മൊബൈൽ നമ്പരുകളിലൂടെയും ഇമെയിലിലൂടെയും ഞങ്ങളെ ബന്ധപ്പെടാവുന്നതാണ്.

മൊബൈൽ : (+91) 9841071858, (+91) 9841271858

ഇ-മെയിൽ : sam@echoofhiscall.org
biblecor@yahoo.co.in
echosamselvaraj@gmail.com

ഞങ്ങൾ നിങ്ങളെ സ്നേഹിക്കുകയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ നിങ്ങളുടെ ശക്തമായ പ്രാർത്ഥനയും അധികമായ സഹായവും ഞങ്ങൾക്കാവശ്യമാണ്. ദൈവം നിങ്ങളെ ശക്തിയായി അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ
**എസ്. സാം സെൽവരാജ്**

---

...1-ാം പേജിന്റെ തുടർച്ച

വജനത്തിന് നന്നായിട്ടറിയാം. സങ്കീർത്തനങ്ങളിൽ ഇത് ഊന്നിപ്പറഞ്ഞിരിക്കുന്നു. "ദൈവമേ, നിന്റെ ദയ എത്ര വിലയേറിയത്! മനുഷ്യപുത്രന്മാർ നിന്റെ ചിറകിൻ നിഴലിൽ ശരണം പ്രാപിക്കുന്നു" (സങ്കീർത്തനങ്ങൾ 36:7), "ദൈവമേ, എന്നോടു കൃപയുണ്ടാകണമേ; ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു; അതേ ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം ഞാൻ നിന്റെ ചിറകിൻ നിഴലിൽ ശരണം പ്രാപിക്കുന്നു" (സങ്കീർത്തനങ്ങൾ 57:1). "നീ എനിക്കു സഹായമായിത്തീർന്നുവല്ലോ; നിന്റെ ചിറകിൻ നിഴലിൽ ഞാൻ ഘോഷിച്ചാനന്ദിക്കുന്നു" (സങ്കീർത്തനങ്ങൾ 63:7).

ഇപ്പോൾ ദൈവജനം പ്രശ്നങ്ങൾ നേരിടുകയാണ്. അരാമ്യർ യഹൂദയോട് യുദ്ധം പ്രഖ്യാപിച്ചു; രഥങ്ങളും കുതിരച്ചേവകരും സകല യുദ്ധസന്നാഹങ്ങളുമായി വന്നുകൊണ്ടിരിക്കുകയാണ്. യഹൂദയുടെ പ്രശ്നങ്ങളുടെ കാരണം ഇതായിരുന്നു. ആശയില്ലാത്ത നിലയിലായിരുന്നു അവരുടെ അവസ്ഥ.

ഈ പ്രശ്നങ്ങളുടെ മദ്ധ്യേയും യഹൂദർ ദൈവത്തിങ്കലേക്ക് കടന്നു വന്നില്ല. അതിനുപകരമായി അവർ സ്വന്തം കഴിവിൽ ആശ്രയിച്ചു. ആദ്യം അവർ ഈജിപ്റ്റിലേക്ക് സന്ദേശവുമായി ആളുകളെ അയച്ച് ഫറവോന്റെ പട്ടാളത്തിൽ നിന്നും കുതിരകളെ കടമെടുക്കുവാൻ ശ്രമിച്ചു. എന്നിട്ട് ഈജിപ്റ്റിന് കൈക്കൂലി കൊടുത്ത് അരാമ്യരോട് യുദ്ധം ചെയ്യാൻ സഹായിക്കാൻ അഭ്യർത്ഥിച്ചു. ചുരുക്കം പറഞ്ഞാൽ യഹൂദർ ദൈവത്തെ മറന്ന് ദുഷ്ടന്മാരെ കൂട്ടുപിടിച്ചു. "ഫറവോന്റെ സംരക്ഷണയിൽ തങ്ങളെത്തന്നെ സംരക്ഷിക്കേണ്ടതിനും മിസ്രയീമിന്റെ നിഴലിൽ ശരണം പ്രാപിക്കേണ്ടതിനും......" (യെശയ്യാവ് 30:2).

ദൈവീകരായ നമ്മുടെ പിതാക്കന്മാർ ഇങ്ങനെയുള്ള അവസരങ്ങളിൽ എന്തു ചെയ്തു എന്ന് ആരും ചോദിക്കാത്തതിൽ ഞാൻ അതിശയിക്കുന്നു. എന്തൊക്കെയായാലും വിടുതലിന്റെ വലിയൊരു ചരിത്രം നമുക്ക് പറയാനുണ്ട്. ആരുടെ ഉപദേശമാണ് അവർ തേടിയത്? ആവശ്യത്തിലായിരുന്നപ്പോഴെല്ലാം സഹായം ലഭിച്ചത് എങ്ങനെയാണ്?

രെഫായീം താഴ്‌വരയിൽ ഫെലിസ്ത്യർ യുദ്ധം ചെയ്യാൻ വന്നപ്പോഴുള്ള ദാവീദിന്റെ അവസ്ഥ അവർ ഓർമ്മിക്കണമായിരുന്നു. ദാവീദ് രാജാവായി അഭിഷേകം ചെയ്യപ്പെട്ടിട്ട് അധികം കാലമാകാത്തതിനാൽ എന്തു ചെയ്യണമെന്ന് അവന് അറിഞ്ഞുകൂടായിരുന്നു. വേദപുസ്തകം പറയുന്നു: "അപ്പോൾ ദാവീദ് ദൈവത്തോട്: താൻ ഫെലിസ്ത്യരുടെ നേരെ പുറപ്പെടേണമോ? അവരെ എന്റെ കൈയിൽ ഏല്പിച്ചു തരുമോ" എന്നു ചോദിച്ചു.

എന്തു ചെയ്യേണമെന്നുള്ള നിർദ്ദേശത്തിനായി ദാവീദ് ദൈവത്തെ മാത്രം ആശ്രയിച്ചു. അനേകം ബുദ്ധിമാന്മാർ ദാവീദിന്റെ ചുറ്റും ഉണ്ടായിരുന്നുവെങ്കിലും അവൻ ആരുടെയും അഭിപ്രായം ചോദിച്ചില്ല. പക്ഷെ ദാവീദ് ദൈവത്തോട് നിർദ്ദേശത്തിനായി പ്രാർത്ഥിച്ചു. ദൈവം ദാവീദിന് നിർദ്ദേശം നൽകുക തന്നെ ചെയ്തു. യഹോവ അവനോട്: "പുറപ്പെടുക, ഞാൻ അവനെ നിന്റെ കൈയിൽ ഏ

ല്പിക്കും എന്ന് അരുളിച്ചെയ്തു" (1 ദിനവൃത്താന്തം 14:10). ദൈവത്തോട് അഭിപ്രായം ചോദിച്ചതിനാൽ ദാവീദിന് ദൈവം വലിയ വിജയം കൊടുത്തു.

പക്ഷെ പെട്ടെന്നു തന്നെ ഫെലിസ്ത്യർ ഒത്തൊരുമിച്ച് പുതിയൊരു പടയുമായി മടങ്ങിവന്നു. ആദ്യത്തെ പ്രാവശ്യം ദൈവം പറഞ്ഞതുപോലെ പ്രവർത്തിച്ചു വിജയം കണ്ടെത്തിയതിനാൽ വീണ്ടും അതേ പദ്ധതി തന്നെ ഉപയോഗിക്കാമെന്ന് ദാവീദ് വിചാരിച്ചില്ല. ദൈവത്തിൽ നിന്നും പുതിയത് കേൾക്കുവാൻ മാത്രം അവൻ ആഗ്രഹിച്ചു. "ദാവീദ് പിന്നെയും ദൈവത്തോടു അരുളപ്പാടു ചോദിച്ചപ്പോൾ ദൈവം അവനോട്: അവരുടെ പിന്നാലെ ചെല്ലാതെ അവരെ വിട്ടുതിരിഞ്ഞ് ബാഖാവൃക്ഷങ്ങൾക്കെതിരെ അവരുടെ നേരെ ചെല്ലുക എന്നു പറഞ്ഞു" (1 ദിനവൃത്താന്തം 14:14).

ദൈവത്തിന്റെ പദ്ധതികളെല്ലാം വ്യത്യസ്തമാണെന്നു ഞാൻ വിശ്വസിക്കുന്നു. ദാവീദിനുവേണ്ടി പുതിയൊരു തന്ത്രം ദൈവത്തിന്റെ പക്കൽ ഉണ്ടായിരുന്നു. ദൈവം അവനോട്: "....ബാഖാ വൃക്ഷങ്ങൾക്കെതിരെ അവരുടെ നേരെ ചെല്ലുക. ബാഖാ വൃക്ഷങ്ങളുടെ അഗ്രങ്ങളിൽക്കൂടി അണിയണിയായി നടക്കുന്ന ഒച്ചകേട്ടാൽ നീ പടയ്ക്കു പുറപ്പെടുക: ഫെലിസ്ത്യരുടെ സൈന്യത്തെ തോല്പിക്കാൻ ദൈവം നിനക്കു മുമ്പായി പുറപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു" (1 ദിനവൃത്താന്തം 4:14,15).

ഞാൻ നിങ്ങളോടു ചോദിക്കട്ടെ : ഏതു സൈനിക മേധാവിയാണ് ഇതുപോലെയുള്ള തന്ത്രം പറഞ്ഞുകൊടുക്കുക? അതുമാത്രമല്ല, അഥവ ആരെങ്കിലും ഈ തന്ത്രം കേട്ടാൽ, എങ്ങനെയാണ് അത് വിശ്വസിക്കുക? സേനാപതികൾ ഇങ്ങനെ പറഞ്ഞുകാണും എന്നു ഞാൻ കരുതുന്നു: "ദാവീദേ, മരങ്ങളിൽ കാറ്റു വീശുന്ന ശബ്ദം ശ്രവിച്ചുകൊണ്ട് വെറുതെയിരുന്നാൽ മതിയോ, നാം ഫെലിസ്ത്യരെ ആക്രമിച്ച് തോല്പിക്കേണ്ടതല്ലേ? ദൈവം അവരെ നമ്മുടെ കൈയ്യിൽ ഏല്പിക്കും എന്നു പ്രതീക്ഷിക്കാമോ? നിനക്കു മാനസിക പ്രശ്നങ്ങളെന്തെങ്കിലുമുണ്ടോ"?

ദൈവത്തിന്റെ വഴികൾ മനുഷ്യർക്കു ചിന്തിക്കാൻ കഴിയാത്ത തരത്തിലുള്ളതാണ്. മനുഷ്യരുടെ കണ്ണുകളിൽ അത് വെറും ഭോഷത്വമെന്ന് തോന്നിയേക്കാം. പക്ഷെ ദൈവം അമാനുഷികമായ രീതിയിൽ പ്രവർത്തിക്കുന്നു. ദൈവം കല്പിച്ചതുപോലെ ദാവീദ് ചെയ്തു: അവർ ഗിബയോൻ മുതൽ ഗേസർ വരെ ഫെലിസ്ത്യ സൈന്യത്തെ തോല്പിച്ചു (1 ദിനവൃത്താന്തം 14:16). ആസാ രാജാവ് വ്യത്യസ്തനായ ഉദാഹരണമാണ്.

ആസാ രാജാവ് വാണിരുന്ന സമയം എത്യോപ്യക്കാർ അനേകം കുതിരകളും രഥങ്ങളുമായി കടന്നു വന്നു. "ആസാ തന്റെ ദൈവമായ യഹോവയെ വിളിച്ചപേക്ഷിച്ചു: യഹോവേ, ബലവാനും ബലഹീനനും തമ്മിൽ കാര്യം ഉണ്ടായാൽ സഹായിപ്പാൻ നീയല്ലാതെ മറ്റാരുമില്ല; ഞങ്ങളുടെ ദൈവമായ യഹോവേ, തങ്ങളെ സഹായിക്കേണമേ, നിന്നിൽ ഞങ്ങൾ ആശ്രയിക്കുന്നു; നിന്റെ നാമത്തിൽ

*06-ാം പേജിൽ തുടരും...*


# ECHO OF HIS CALL

**Monthly magazines in 16 languages, Bible Colleges, Postal Courses, Church Planting, Village English High School, Gospel Printing Press, Crusades, Seminars, Social Services, etc.**

**Annual Subscription : Rs. 100/-     Life Subscription : Rs. 2000/-**

The multifarious activities of **Echo of His Call Ministry** is supported by the free-will offerings and donations of the God's children like you. You may support **Echo of His Call** and its activities as the Lord leads you. We need your help to send forth the Gospel to the unreached people and plant Churches.

If you would like to receive **ECHO OF HIS CALL** magazines regularly, please write to us. Whenever you change your postal or e-mail addresses, please do inform us your old and new addresses.

**Echo of His Call** is available in 16 languages in our websites also. You can read it by going into the site as well as downloading it and get blessed.

Your letters, prayer requests and your financial helps (by D.D., Cheque, M.O. etc.) to **ECHO OF HIS CALL** may be sent to the address below.

Please send your **Land Phone / Cell Phone Numbers and E.mail addresses** for updation.

## ECHO OF HIS CALL

**10, MOHAMMED ABDULLAH 2nd STREET, CHEPAUK, CHENNAI - 600 005, INDIA**

**PH: (+91-44) 2852 8282, 2852 9293, 2854 7766,**
**Cell: (+91) 98410 71852, 90924 62566**
**E-mails: sam@echoofhiscall.org / biblecor@yahoo.co.in**
**Websites: www.echoofhiscall.org / www.echoofhiscall.com**
**YOU CAN SEND YOUR DONATIONS ON ONLINE ALSO**

**The details of our Bank Accounts are given below. Please inform us the details of your remittances.**

| Bank | Branch | Name | IFSC Code No. | Account Number |
|---|---|---|---|---|
| 1. STATE BANK OF INDIA | Triplicane, Chennai -5 | S. Sam Selva Raj | SBIN 0000249 | 102329 34679 |
| 2. ICICI BANK | Anna Salai, Chennai -2 | Echo of His Call | ICIC 0006038 | 6038 05022319 |

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗദൗത്യ പങ്കാളികൾ

## പങ്കിടൽ (ഗലാത്യർ 6:2), സഹായം (റോമർ 12:13)

## വേഗത കൂടുതൽ (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു!

### സ്തോത്രത്തിനായി

**ഒക്ടോബർ 19** : 100 പ്രാർത്ഥനാ വീരന്മാരോടൊപ്പം ലോക സുവിശേഷീകരണത്തിനായി പ്രാർത്ഥിക്കാൻ അനേകം പേരെ എഴുന്നേല്പിച്ചതിനായി.

**ഒക്ടോബർ 20** : നമ്മുടെ സഭകൾ വളരുന്നു, അനേകം പുതിയ പ്രവർത്തകർ ചേരുന്നു.

**ഒക്ടോബർ 21** : വിളിയുടെ പ്രതിധ്വനിയുടെ ചെപ്പോക്കിലെ സഭയിൽ പുതുതായി പരിവർത്തനം ചെയ്ത വിശ്വാസികൾ കടന്നുവരുന്നു അതിനായി.

**ഒക്ടോബർ 22** : നമ്മുടെ 16 ഭാഷകളിലുള്ള പ്രസിദ്ധീകരണങ്ങൾക്കായും, അവ അച്ചടിച്ച നമ്മുടെ പ്രിന്റിംഗ് പ്രസ്സിനായും മിഷൻ ഫീൽഡുകളിൽ അവ എത്തിച്ചതിനായും.

**ഒക്ടോബർ 23** : മുഖ്യസഭയിലെ യുവാക്കളുടെ കൂട്ടായ്മക്കായി

**ഒക്ടോബർ 24** : നെഹെമ്യ തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്, ബൈബിൾകോർ, വിളിയുടെ പ്രതിധ്വനിയുടെ പ്രാഥമിക ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് എന്നിവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ദൈവത്തിനു സ്തോത്രം.

**ഒക്ടോബർ 25** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾക്കായി.

**ഒക്ടോബർ 26** : ഡെയിലി ഹെവൻലി മന്ന എന്ന നമ്മുടെ പുതിയ പ്രസിദ്ധീകരണത്തിനായി.

**ഒക്ടോബർ 27** : നമ്മുടെ വയലേലകൾക്കായും അതിലെ പ്രവർത്തകർക്കായും.

**ഒക്ടോബർ 28** : സുവിശേഷം എത്താത്ത സ്ഥലങ്ങളിൽ അവ എത്തിക്കുവാനും ചെറിയ സഭകൾ സ്ഥാപിക്കുവാൻ കഴിഞ്ഞതിനായും.

**ഒക്ടോബർ 29** : ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഒക്ടോബർ 30** : നമ്മുടെ അസോസിയേറ്റ് എഡിറ്റർമാർക്കായും അവരുടെ കുടുംബാംഗങ്ങൾക്കായും

**ഒക്ടോബർ 31** : പ്രാർത്ഥന, വിശ്വാസം, ജീവിതം, ഗ്രേറ്റ് കമ്മിഷൻ എന്നിവയിലെ പങ്കാളികൾക്കും അവരുടെയെല്ലാം കുടുംബാംഗങ്ങൾക്കുമായി.

**നവംബർ 01** : വിളിയുടെ പ്രതിധ്വനിയുടെ കഴിഞ്ഞ മാസത്തെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം അനുഗ്രഹിച്ചു.

**നവംബർ 02** : മിഷൻ ഫീൽഡുകളിൽനിന്നും നല്ല വാർത്തകൾ ലഭിക്കുന്നതിനായി.

**നവംബർ 03** : സഹോ. ജെസ്സി വീണ സാമിന്റെ ആരോഗ്യത്തിൽ ഉണ്ടായ പുരോഗതിക്കായി.

### പ്രാർത്ഥനയ്ക്കായി

**നവംബർ 04** : വിളിയുടെ പ്രതിധ്വനിയുടെ ഈ മാസത്തെ എല്ലാ ആവശ്യങ്ങളുടെമേൽ ദൈവം പ്രവർത്തിക്കുവാൻ.

**നവംബർ 05** : ശ്രീലങ്ക, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, നേപ്പാൾ എന്നിവിടങ്ങളിലെ ജനങ്ങൾക്കായി.

**നവംബർ 06** : സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മിഷണറി പാസ്റ്റർമാരുടെ ആവശ്യങ്ങൾ നിറവേറപ്പെടുവാൻ.

**നവംബർ 07** : നെഹെമ്യ ബൈബിൾ കോളേജ്, സെന്റ് പോൾ മെട്രിക്കുലേഷൻ സ്കൂൾ, വിളിയുടെ പ്രതിധ്വനിയുടെ മുഖ്യ ഓഫീസ് എന്നിവിടങ്ങളിലെ ജീവനക്കാർക്കായി.

**നവംബർ 08** : ന്യൂനപക്ഷ സമുദായങ്ങളിലെ ജനങ്ങളുടെ ക്ഷേമത്തിനായി.

**നവംബർ 09** : എല്ലാ രാജ്യങ്ങളിലെയും ഭരണകർത്താക്കൾക്കായി.

**നവംബർ 10** : ലോകം മുഴുവനും പുതുതായി പരിവർത്തനം ചെയ്ത വിശ്വാസികളുടെ ആത്മീയ അനുഗ്രഹങ്ങൾക്കായി

**നവംബർ 11** : വിളിയുടെ പ്രതിധ്വനിയുടെ ഓഫീസിന്റെ ചുറ്റുപാടുമുള്ളവർക്കായി.

**നവംബർ 12** : മുഖ്യസഭയിലെ തെലുങ്ക്, മലയാളം, ഹിന്ദി ഭാഷകളിലെ വിശ്വാസികൾക്കും ശുശ്രൂഷകർക്കുമായി.

**നവംബർ 13** : ഇന്ത്യയിലും അയൽരാജ്യങ്ങളിലും ദൈവത്തിന്റെ ദർശനത്തിനായി പ്രവർത്തിക്കുവാൻ അനേകം പേരെ ലഭിക്കുവാൻ.

**നവംബർ 14** : കേരളത്തിലുണ്ടായ പ്രളയത്തിൽ തകർന്ന ആലയങ്ങളുടെ പുനർനിർമ്മാണത്തിനാവശ്യമായ ധനം ലഭിക്കുവാനുള്ള വഴികൾ തുറക്കപ്പെടുവാൻ.

**നവംബർ 15** : മുഖ്യസഭ, ഓഫീസ്, അച്ചടിശാല എന്നിവക്കായി പുതിയ സ്ഥലം ലഭിക്കാനായി.

**നവംബർ 16** : ലോകം മുഴുവനുമുള്ള ഭീകരപ്രവർത്തകർ രക്ഷയിലേക്ക് കടന്നുവരുവാൻ.

**നവംബർ 17** : കേരളത്തിലുണ്ടായ പ്രളയം ബാധിച്ച പതിനായിരക്കണക്കിനായുള്ളവർക്കായി പ്രാർത്ഥിക്കാം.

**നവംബർ 18** : ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം തുടർന്നും വിടുവിക്കുവാനായി.

*... 4-ാം പേജിന്റെ തുടർച്ച*

തങ്ങൾ ഈ പുരുഷാരത്തിനു നേരെ പുറപ്പെട്ടുവന്നിരിക്കുന്നു" (2 ദിനവൃത്താന്തം 4:11)

ചുരുക്കത്തിൽ ആസാ കരയുകയായിരുന്നു. "ദൈവമേ, നിന്നിൽ ഞങ്ങൾ ആശ്രയിക്കുന്നു". "ആസാ തന്റെ ദൈവമായ യഹോവയ്ക്കു പ്രസാദവും ഹിതവും ആയതു ചെയ്തു" (2 ദിനവൃത്താന്തം 14:2). "യെഹൂദായോട് അവരുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയെ അന്വേഷിപ്പാനും ന്യാപ്രമാണവും കല്പനയും ആചരിച്ചു നടപ്പാനും കല്പിച്ചു" (2 ദിനവൃത്താന്തം 14:4).

ആപൽഘട്ടം വന്നപ്പോൾ, ആസാ പെട്ടെന്നു തന്നെ ദൈവത്തോടു പ്രാർത്ഥിച്ചു. ഒരു കമ്മിറ്റിയെ നിയോഗിച്ച് ദിവസങ്ങളോളം രൂപരേഖ തയ്യാറാക്കുകയും ആസൂത്രണം ചെയ്യുകയും ചെയ്തില്ല. അദ്ദേഹത്തിന്റെ ചുറ്റും അനേകം വിദ്വാന്മാരും മറ്റുള്ളവരും ഉണ്ടായിരുന്നു. പട്ടാളമേധാവികളും രാഷ്ട്രീയക്കാരും ഉപദേഷ്ടാക്കളും മറ്റു വിദഗ്ദ്ധരും ഉണ്ടായിരുന്നുവെങ്കിലും അവരെയൊന്നും ആശ്രയിക്കാതെ രാജാവ് ദൈവത്തിൽ അഭയം പ്രാപിച്ചു. "ദൈവമേ, ഞാനെന്തു ചെയ്യേണം?" എന്ന് അവൻ പ്രാർത്ഥിച്ചു. ദൈവം അതിനു മറുപടിയായി ഒരു വാഗ്ദത്തം നൽകുകയും യഹൂദ്യയെ അത്ഭുതകരമായി വിടുവിക്കുകയും ചെയ്തു. "അപ്പോൾ യഹോവ ആസായുടെയും യെഹൂദ്യരുടെയും മുമ്പിൽ കൂശ്യരെ തോല്ക്കുമാറാക്കി" (2 ദിനവൃത്താന്തം 14:12).

അപ്പോൾ മറ്റൊരു പ്രതിസന്ധി കടന്നു വന്നു. ആസായുടെ വിശ്വാസത്തിന്റെ അളവു പരിശോധിക്കുവാനായിട്ടാണ് ഈ പ്രതിസന്ധി കടന്നു വന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. വചനപ്രകാരം "യിസ്രായേൽ രാജാവായ ബയെശ യഹൂദയ്ക്കു നേരെ വന്നു" എന്നു രേഖപ്പെടുത്തിയിരിക്കുന്നു (2 ദിനവൃത്താന്തം 16:1). അവർ രാമയെ പിടിച്ചടക്കി. ദാവീദ് ചെയ്തതുപോലെ ദൈവത്തിങ്കലേക്ക് ആസാ പിന്നീട് തിരിഞ്ഞില്ല. പകരം അവൻ സ്വന്തമായി ഒരു പദ്ധതി തയ്യാറാക്കി. എത്യോപ്യയിൽ നിന്നും വന്ന ലക്ഷങ്ങളെപ്പോലെയല്ല ഇപ്പോഴത്തെ സ്ഥിതി. അപ്പോൾ ദൈവത്തിന്റെ ആലോചന ആവശ്യമായിരുന്നു. യിസ്രായേലിൽ നിന്നുള്ള സൈന്യം പ്രശ്നമേയല്ല, എനിക്ക് അത് നേരിടാൻ കഴിയും എന്ന് ആസാ വിചാരിച്ചു.

ഈ പ്രശ്നത്തിൽ നിന്നുള്ള വിടുതലിനായി ആസാ എന്താണ് ചെയ്തത്? യിസ്രായേലിനെതിരെ പോരാടാനായി സിറിയയെ അവൻ കൈക്കൂലി കൊടുത്തു വശത്താക്കാൻ ശ്രമിച്ചു. ആലയത്തിന്റെ ഭണ്ഡാരങ്ങളിൽ നിന്നുപോലും പൊന്നും വെള്ളിയും എടുത്ത് സ്വന്തമായുള്ള ധനത്തോടുകൂടെ സിറിയയിലേക്ക് കൊടുത്തയച്ചു. സിറിയ രാജാവായ ബെൻ ഹദദിന്റെ അടുക്കൽ ദൂതന്മാരെ അയച്ച് യിസ്രായേലിനെതിരെ പോരാടാൻ തങ്ങളോടൊപ്പം വരാൻ പറഞ്ഞയച്ചു.

ഈ പദ്ധതി പ്രാവർത്തികമായി തുടങ്ങി. യിസ്രായേലിനെതിരെ സിറിയ യുദ്ധം ചെയ്തപ്പോൾ രാമയെ ഉപേക്ഷിച്ച് യിസ്രായേൽ ഓടിപ്പോകുകയും ആസാ രാമ തിരിച്ചെടുക്കുകയും ചെയ്തു. ദൈവത്തെ പൂർണ്ണമായും ഒഴിവാക്കി നടത്തിയ ആസയുടെ പദ്ധതി വിജയകരമാണെന്ന് മനസ്സിലാക്കിയപ്പോൾ ആസ തന്റെ ബുദ്ധിയെ സ്വയം പുകഴ്ത്തി.

പക്ഷെ ഈ പ്രവൃത്തി ദൈവത്തിന് വ്യസനഹേതു ആയി. അവൻ ആസയോട്: "നീ നിന്റെ ദൈവമായ യഹോവയിൽ ആശ്രയിക്കാതെ അരാം രാജാവിൽ ആശ്രയിക്കകൊണ്ട് അരാം രാജാവിന്റെ സൈന്യം നിന്റെ കൈയ്യിൽ നിന്ന് തെറ്റിപ്പോയിരിക്കുന്നു. കൂശ്യരും ലൂബ്യരും അനവധി രഥങ്ങളോടും കുതിരച്ചേവകരോടും..... യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്ര ചിത്തന്മാരായിരിക്കുന്നതിനുവേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിനു ഭൂമിയിൽ എല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു"; ഇതിൽ നീ ഭോഷത്വം പ്രവർത്തിച്ചിരിക്കുന്നു; ഇനി നിനക്കു യുദ്ധങ്ങൾ ഉണ്ടാകും (2ദിനവൃത്താന്തം 16:7-9) എന്നു പറഞ്ഞു.

ചുരുക്കത്തിൽ, ദൈവം പറഞ്ഞത്, ഒരിക്കൽ നീ എന്നിൽ മാത്രം ആശ്രയിച്ചു. എന്നോടുള്ള നിന്റെ വിശ്വാസം കാരണം വലിയൊരു സൈന്യത്തിന്റെ പിടിയിൽ നിന്നു നിന്നെ ഞാൻ വിടുവിച്ചു. പക്ഷെ ഇപ്പോൾ നീ നിന്റെ ചിന്തകളിലും അരാം രാജാവിലും ആശ്രയിച്ചു. ഇത് എന്റെ വഴിയല്ല എന്ന് നിനക്കറിയാമായിരുന്നു. ഞാൻ അത് അനുവദിക്കുകയില്ല. നീ വിഡ്ഢിത്തമാണ് കാണിച്ചത്. അതിനാൽ ഇന്നുമുതൽ നിനക്ക് യുദ്ധം മാത്രമേ ഉണ്ടാകുകയുള്ളു. ഒരിക്കലും സമാധാനം ഉണ്ടാകയില്ല.

നമ്മിൽ പലരും ആസയെപ്പോലെയാണ്. വലിയൊരു വിടുതൽ ദൈവത്തിൽ നിന്നും നമുക്ക് ലഭിക്കുമ്പോൾ ഉച്ചത്തിലുള്ള സ്തുതിയോടെ ദൈവത്തിനു നന്ദി പറയും. എന്നിട്ട് നാം ശപഥം ചെയ്യും. "ദൈവമേ ഞാൻ ഇനി മുതൽ നിന്നോടു ചോദിക്കാതെ ഒന്നും ചെയ്യുകയില്ല, ഞാനൊരിടത്തും പോകയുമില്ല. എല്ലാറ്റിനും ഞാൻ പ്രാർത്ഥിക്കുന്നതാണ്". പക്ഷെ, മറ്റൊരു പ്രശ്നം വരുമ്പോൾ സ്ഥിതിഗതികൾ വേറൊന്നാണെന്ന് നാം ചിന്തിച്ച് ദൈവം മുമ്പു വിജയിപ്പിച്ചു തന്നെ അതേ പദ്ധതി തന്നെ മറ്റൊരു രൂപത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു. ദൈവത്തിൽ ആശ്രയിക്കാതെ നാം നമ്മിൽ തന്നെ ആശ്രയിക്കുന്നു. ദൈവം ഇത് ഇഷ്ടപ്പെടുന്നില്ല. അവസാനം പരാജയപ്പെട്ടു പോകുന്നു.

"ദൈവം എനിക്ക് നല്ല ചിന്താശക്തി തന്നിട്ടുണ്ട്, അത് ദൈവം തന്നെയാണ് തന്നത്". അതിനാൽ അത് ഞാൻ ഉപയോഗിക്കേണ്ടതല്ലേ? പ്രശ്നത്തിൽ നിന്നും വിടുതൽ പ്രാപിക്കാൻ നാം ചിന്തിച്ചു പ്രവർത്തിക്കേണ്ടതല്ലേ എന്നു നാം വിചാരിച്ചേക്കാം. അത് ശരിതന്നെയാണ്. പക്ഷെ ദൈവത്തോടു ചോദിച്ചതിനുശേഷം മാത്രമായിരിക്കണം. നമ്മുടെ ചിന്തയിലൂടെ ദൈവത്തിന്റെ മനസ്സറിയുവാൻ കഴിയുകയില്ല. അത് പ്രാർത്ഥനയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ജഡികമായ മനസ്സിന് ആത്മീകമായ മനസ്സിനെ മന

## വാർത്തകൾ

**ക്രിസ്ത്യാനികൾ പ്രാർത്ഥനയിൽ ഒന്നിക്കുന്നു.**

ജനുവരി 18 മുതൽ 25 വരെ വിവിധ ക്രിസ്തീയ സഭാവിഭാഗങ്ങളുടെ നേതാക്കൾ ക്രൈസ്തവരുടെ ഐക്യത്തിനായുള്ള ഒരാഴ്ചത്തെ വാർഷിക പ്രാർത്ഥനാ സമ്മേളനത്തിനായി ന്യൂഡൽഹിയിൽ ഒന്നിച്ചുകൂടി. "From conflict to Communion" എന്ന വിഷയത്തെ ആധാരമാക്കിയ സെമിനാറിന് 200 ലധികം പേർ പങ്കെടുത്തു. കത്തോലിക്ക സഭാവിഭാഗവും പ്രോട്ടസ്റ്റന്റു സഭകളും ഐക്യതയിൽ വർത്തിക്കുവാൻ സഹായമായ ഒരാഴ്ചത്തെ പ്രാർത്ഥന 1908 ൽ ആരംഭിക്കുകയും പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. - ക്രിസ്ത്യൻ ടു ഡെ.

*ഫോർ റണ്ണർ (മാർച്ച് 2018)*

സ്സിലാക്കാൻ കഴിയുകയില്ല എന്ന് പൗലൊസ് അപ്പൊസ്തലൻ പറയുന്നു.

നിങ്ങൾ വിവാഹം കഴിക്കാത്ത വ്യക്തിയാണെന്നും, തക്ക തുണക്കായി ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണെന്നും കരുതുക. അത് നല്ല കാര്യമാണ്. ദൈവത്തിന്റെ ടൈം ടേബിളിൽ നിങ്ങൾ അസ്വസ്ഥനാകുന്നു. നിങ്ങൾ കാത്തിരുന്നു എങ്കിലും തക്കതായ തുണ കിട്ടിയില്ല. അതിനാൽ നിങ്ങൾ ഒരു പ്രത്യേക വ്യക്തിയെ കണ്ടെത്തുകയും അവരെ പാട്ടിലാക്കാനും ശ്രമിക്കുന്നു. പക്ഷെ, ആസയെപ്പോലെ സമാധാനം നിങ്ങൾക്ക് ഉണ്ടാകുകയില്ല. നിങ്ങൾ ഉദ്ദേശിക്കാത്ത തരത്തിലുള്ള വലിയ വില നൽകേണ്ടി വരും.

അതിനെക്കാൾ സങ്കടകരമായത്, ദൈവത്തെ നിങ്ങൾ വേദനപ്പെടുത്തി എന്നതാണ്. നിങ്ങളോടുള്ള ദൈവത്തിന്റെ മനോഭാവം നിങ്ങൾ കേൾക്കും. "എന്നാൽ ഫറവോന്റെ സംരക്ഷണം നിങ്ങൾക്കു നാണമായും മിസ്രയീമിന്റെ നിഴലിലെ ശരണം ലജ്ജയായും ഭവിക്കും" (യെശയ്യാവ് 30:3). നിങ്ങളുടെ കരത്തിന്റെ ശക്തിയിൽ നിങ്ങൾ വിശ്വസിച്ചു. അത് തെറ്റാണെന്നു ഞാൻ പറഞ്ഞത് നിങ്ങൾ മറന്നു കളഞ്ഞു. എല്ലാ കാര്യത്തിലും എന്നിൽ ആശ്രയിക്കാതിരുന്നതിനാൽ നിങ്ങൾ വലിയ വില കൊടുക്കുവാൻ പോകുകയാണ്. സങ്കടത്തിലും തെറ്റിദ്ധാരണയിലും നിങ്ങളുടെ ജീവിതം അവസാനിക്കും.

**യഹൂദയുടെ കലഹത്തെക്കുറിച്ച് നിനക്കുണ്ടായ വേദന എഴുതി സൂക്ഷിക്കുവാൻ ദൈവം യെശയ്യാവിനോടു പറഞ്ഞു.**

"നീ ഇപ്പോൾ ചെന്നു വരുംകാലത്തേക്ക് ഒരു ശാശ്വത സാക്ഷ്യമായിരിക്കേണ്ടതിനു അവരുടെ മുമ്പാകെ അതിനെ ഒരു പലകയിൽ എഴുതി ഒരു രേഖയായി കുറിച്ചു വയ്ക്കുക" (യെശയ്യാവ് 30:8).

"ഇങ്ങനെയുള്ള കലഹം എനിക്കുണ്ടാക്കിയ വിഷമം വരും തലമുറകൾ അറിയണം എന്ന് എനിക്ക് ആഗ്രഹം ഉണ്ട്. അതിനാൽ അത് കുറിച്ചു വച്ചിരുന്നാൽ തലമുറകൾ അത് വായിക്കുകയും മനുഷ്യരിലും മറ്റ് ലൗകീകരിലും ആശ്രയിക്കാതെ എന്നിൽ തന്നെ ആശ്രയിക്കണമെന്ന് മനസ്സിലാക്കുകയും ചെയ്യും".

ദൈവത്തോടുള്ള അവഗണനയും അവന് നമ്മുടെ ജീവിതത്തിലുള്ള അവകാശവുമാണ് ഈ രീതിയിലുള്ള കലഹംകൊണ്ട് തെറ്റായിത്തീരുന്നത്. എല്ലാ കാര്യത്തിലും അവന്റെ മനസ്സറിയുവാൻ ശ്രമിക്കാതെ നിഷേധാത്മകമായ നിലപാട് എടുക്കുന്നത് തെറ്റാണ്. വലിയ കാര്യങ്ങൾ മാത്രമല്ല, ചെറിയ കുടുംബകാര്യങ്ങൾ, വേദനകൾ, വ്യക്തിപരമായ വിഷമങ്ങൾ എന്നിവയെല്ലാംതന്നെ ദൈവകരങ്ങളിൽ സമർപ്പിക്കേണ്ടതാണ്. അങ്ങനെ ചെയ്താൽ ആത്മീകവും ശാരീരികവും മാനസികവുമായ നമ്മുടെ എല്ലാ കാര്യങ്ങളിലും ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കും. മറിച്ച്, ഇത് എനിക്കു തന്നെ ചെയ്യേണ്ടതേ ഉള്ളൂ എന്നു പറഞ്ഞാൽ അവൻ നമുക്ക് വിടുതൽ തരികയില്ല.

ലളിതമായി പറഞ്ഞാൽ നിങ്ങളെ നയിക്കുവാൻ ദൈവത്തിന് അവസരം കൊടുക്കാതെ, അവന്റെ സത്യസന്ധതയിൽ ആശ്രയിക്കാതെ, നിങ്ങളുടെ ചിന്തകൾക്കനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ നിങ്ങൾ നിഷേധിയായിത്തീരുന്നു. സ്വന്ത വിചാരങ്ങളെ അനുസരിച്ച് ആകാത്ത വഴിയിൽ നടക്കുന്ന മത്സരമുള്ള ജനത്തിങ്കലേക്കു ഞാൻ ഇടവിടാതെ കൈ നീട്ടുന്നു യെശയ്യാവ് 65:2).

ദൈവത്തിന്റെ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ സ്വയം ചോദിക്കുവിൻ; നിങ്ങളുടെ ആരാധന, ഭക്തി, ദൈവത്തോടൊപ്പമുള്ള നടപ്പ് എന്നിവ ഉപേക്ഷിച്ച് ദൈവത്തോടു മത്സരിക്കുന്നതു ശരിയാണോ? നിങ്ങൾ ആരാധനകളിൽ സംബന്ധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പക്ഷെ ഇതുപോലെയുള്ള മത്സരം നിങ്ങളുടെ ജീവിതത്തിൽ തെറ്റല്ലേ? അതുകൊണ്ടാണോ നിങ്ങളുടെ കുടുംബങ്ങളിലും ജോലിസ്ഥലങ്ങളിലും പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നത്?

ഇതേ ചോദ്യം തന്നെ ശുശ്രൂഷകരോടും ഞാൻ ചോദിക്കുന്നു. ദൈവം നിങ്ങളുടെ ശുശ്രൂഷയിൽ നിന്നും അകന്നുപോകാതെ ദൈവത്തെ എല്ലാ കാര്യങ്ങളിലും ഉൾപ്പെടുത്തി അവനോടൊപ്പം ശുശ്രൂഷ ചെയ്യുവിൻ.

ദൈവം നമ്മുടെ സൂക്ഷിപ്പുകാരനാകാൻ ആഗ്രഹിക്കുന്നു. "യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല. യഹോവ നിന്റെ പരിപാലകൻ; യഹോവ നിന്റെ വലത്തു ഭാഗത്തു നിനക്കു തണൽ" (സങ്കീർത്തനങ്ങൾ 121:4,5). നമ്മുടെ ദൈവം കരുതലുള്ളവനാണ്, സംരക്ഷിക്കുന്ന പിതാവാണ്, തന്റെ മക്കളെ സംരക്ഷിക്കാൻ സന്തോഷമുള്ളവനുമാണ്.

**എല്ലാറ്റിലും ദൈവത്തിന്റെ വഴികളിൽ ആശ്രയിക്കുന്നവർക്കുണ്ടാകുന്ന നന്മകൾ യെശയ്യാവ് നൽകുന്നു.**

"അതുകൊണ്ട്.... അവനായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ. യെരുശലേമ്യരായ സീയോൻ നിവാസികളേ, ഇനി കരഞ്ഞുകൊണ്ടിരിക്കേണ്ട; നിങ്ങളുടെ നിലവിളിയുടെ ശബ്ദത്തിങ്കൽ അവനു നിശ്ചയമായി കരുണ തോന്നും; അതു കേൾക്കുമ്പോൾ തന്നെ അവൻ ഉത്തരം അരുളും..... നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു. ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പുറകിൽ നിന്നും കേൾക്കും.... നിങ്ങൾ ഉത്സവഘോഷരാത്രിയിൽ എന്നപോലെ പാട്ടു കേൾക്കുകയും.... ഹൃദയപൂർവ്വം സന്തോഷിക്കുകയും ചെയ്യും" (യെശയ്യാവ് 30:18, 19, 21, 29). ദൈവത്തിൽ വിശ്വസിച്ച് കാത്തിരിക്കുകയും, അവനെ വിളിച്ചപേക്ഷിക്കുകയും, അവന്റെ അടുക്കൽ മടങ്ങിച്ചെല്ലുകയും ചെയ്താൽ അവൻ നിങ്ങളുടെ ജീവിതത്തിൽ എല്ലാ നന്മകളും അനുഗ്രഹങ്ങളും നൽകി വഴി നടത്തുമെന്ന് യെശയ്യാവ് പറയുന്നു.

ദൈവത്തിന്റെ ഒരു വാക്കിൽ ശത്രുക്കൾ തകർന്നടിഞ്ഞു പോകുന്നു. "യഹോവയുടെ മേഘനാദത്താൽ അശ്ശൂർ തകർന്നുപോകും; തന്റെ വടികൊണ്ട് അവൻ അവനെ അടിക്കും" (30:31). സുഹൃത്തുക്കളേ, ദൈവത്തിന് പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നവുമില്ല. യെശയ്യാവ് പറയുന്നത് ദൈവത്തിന്റെ ശ്വാസം നമ്മുടെ വഴിയിൽ തടസ്സം നിൽക്കുന്നതിനെ വിഴുങ്ങിക്കളയുമെന്നാണ്.

അതെ പ്രിയരേ, അവൻ നിങ്ങളെ മുഴുവനായി ആവശ്യപ്പെടുന്നു. നിങ്ങളുടെ കുടുംബം, ആരോഗ്യം, ഭാവി എന്നിവയെല്ലാം. എല്ലാ കാര്യങ്ങളും ദൈവത്തിൽ ഭരമേൽപ്പിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അതോടുകൂടെ നിങ്ങൾ സമാധാനത്തിൽ വസിപ്പാനും അവൻ ആഗ്രഹിക്കുന്നു. അതിനാൽ കതകടച്ച് രഹസ്യമായി ദൈവത്തോട് പ്രാർത്ഥിപ്പിൻ. നിങ്ങളുടെ എല്ലാ കാര്യങ്ങളും അവനിൽ സമർപ്പിപ്പിൻ. എന്റെ വാക്ക് നിങ്ങളുടെ പുറകിൽ നിന്നും കേൾക്കും. അത് നിങ്ങൾക്കു സഞ്ചരിക്കേണ്ട പാത ഏതെന്ന് വെളിവാക്കിത്തരും. അതിൽ നടക്കുവിൻ എന്ന് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു.

*ഡേവിഡ് വിൽക്കേർസൻ.*

# നിന്റെ കഴുത്തിൽ നിന്നും നുകം ഞാൻ ഒടിച്ചു കളയും

**ഇപ്പോഴോ ഞാൻ അവന്റെ നുകം നിന്റെ മേൽ നിന്ന് ഒടിച്ചുകളയും നിന്റെ ബന്ധനങ്ങൾ അറുത്തു കളകയും ചെയ്യും (നഹൂം. 1:13).**

ദൈവം തിരഞ്ഞെടുത്ത യഹൂദ്യയിലെ ജനത്തെ അശ്ശൂർ രാജാവ് പിടിച്ചടക്കി അവരെ പീഡിപ്പിച്ചു. അവർ ദൈവത്തോട് നിലവിളിച്ചപ്പോൾ ദൈവം അവരെ ശ്രവിച്ച് പ്രവാചകനായ നഹൂമിലൂടെ ജനത്തോട് ദൈവം സംസാരിച്ച് ആശ്വസിപ്പിച്ചു. നുകത്തിന്റെ കീഴിൽ വേദനയനുഭവിക്കുന്ന കാളകളെപ്പോലെ യഹൂദ്യരും നരകയാതന അനുഭവിച്ച അശ്ശൂർ ജനങ്ങളും രാജാവും ഈ ജനത്തിന്റെ ചുമലിൽ പ്രതിഷ്ഠിച്ചിരിക്കുന്ന നുകം തകർത്തുകളയുമെന്ന് അവൻ വാഗ്ദത്തം ചെയ്തു.

ഇപ്പോഴും സാത്താൻ പല നുകങ്ങളും ദൈവമക്കളുടെ ജീവിതത്തിൽ കൊണ്ടുവരികയും അവരെ പീഡിപ്പിക്കുകയും ചെയ്യുന്നു. ദൈവമക്കൾ പണത്തിനു ബുദ്ധിമുട്ടുന്നതും, ദാരിദ്ര്യവും രോഗവും ബാധിക്കുന്നതും കണ്ടിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ കൊണ്ട് ശരിയായ രീതിയിൽ ദൈവത്തെ പിന്തുടരുവാൻ ഇവർക്ക് കഴിയാതെ വരുന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ ദൈവം നമ്മെ ആശ്വസിപ്പിച്ചുകൊണ്ട് ഇപ്പോൾ ഞാ ൻ നിന്റെ നുകം ഒടിച്ചുകളയും എന്ന് അരുളിച്ചെയ്യുന്നു. അവൻ നമ്മോട് സഹതാപം കാണിക്കുന്നു. അവൻ അനീതിയുള്ള ദൈവമല്ല. അവൻ നമ്മുടെ വേദനകളെയും പ്രയാസങ്ങളെയും മാറ്റുന്നു.

ദൈവം നമ്മിൽ നിന്നും ഒടിച്ചു കളയുന്ന മൂന്നു നുകങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

### 1. ഈജിപ്റ്റിന്റെ നുകം (യെഹസ്ക്കേൽ 30:18)

മിസ്രയീം അടിമത്തത്തെ കുറിക്കുന്നു. മിസ്രയീമിൽ അടിമകളായിരുന്നപ്പോൾ യിസ്രായേല്യർ കടുത്ത ദുരിതങ്ങൾ അനുഭവിച്ചു. ഈ അടിമകൾ യജമാനന്മാരുടെ നുകത്തിൻ കീഴിലായിരുന്നതിനാൽ അവർ ബന്ധിക്കപ്പെട്ടിരുന്നു. ഒരുത്തൻ പാപം ചെയ്യുമ്പോൾ അവൻ അതിന്റെ അടിമയായിത്തീരുന്നു. അവൻ പാപത്തിന്റെ നുകത്തിൽ കെട്ടപ്പെട്ടിരിക്കുന്നു (യോഹന്നാൻ 8:34). സാത്താന്റെ പിടിയിലായിരിക്കുന്നവർ അവന്റെ വേലക്കാർ ആകുന്നു. ദൈവീക വിടുതൽ പ്രാപിച്ചവർ പോലും ചിലപ്പോൾ അടിമത്തത്തിന്റെ നുകത്തിൻ കീഴിലാക്കപ്പെടുന്നു. പൗലൊസ് അപ്പോസ്തലൻ ഇങ്ങനെ മുന്നറിയിപ്പു നൽകുന്നു. സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചു നിൽപ്പിൻ; അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത് (ഗലാത്യർ 5:1).

ഏതെങ്കിലും രീതിയിലുള്ള അടിമത്തത്തിന്റെ നുകവുമായി നാം ബന്ധപ്പെട്ടിരിക്കും. ആ നുകം ദൈവം പൊട്ടിക്കും എന്ന് അവൻ വാഗ്ദത്തം ചെയ്യുന്നു. നീ കടം വാങ്ങിയത് മടക്കിക്കൊടുക്കാൻ കഴിയുന്നില്ലയോ? നീ രോഗബാധിതനാണോ, വലിയ വേദനയിലും പ്രയാസത്തിലുമാണോ? ഭാരപ്പെടേണ്ട. വിടുതൽ നൽകുന്നവൻ നിങ്ങളുടെ അടുക്കൽ തന്നെ ഉണ്ട്. നിന്റെ കരച്ചിൽ അവൻ കേൾക്കുന്നു. നിന്റെ നുകം അവൻ കാണുന്നു. ഈ നുകമെല്ലാം ഒടിച്ചു കളയുമെന്നത് അവന്റെ വാഗ്ദത്തമാണ്. അവനെ നോക്കുവിൻ. അതാണ് അവന്റെ ആഗ്രഹം. നമുക്ക് അവങ്കലേക്ക് നോക്കാം. നുകത്തിന്റെ ഭാരമെല്ലാം മാറി അവനെ നമുക്ക് സ്വാതന്ത്ര്യത്തോടെ ആരാധിക്കാം.

### യാക്കോബിന്റെ നുകം (ഉല്പത്തി 27:40)

ഏശാവിനെ യിസ്ഹാക്ക് അനുഗ്രഹിക്കുമ്പോൾ ഇങ്ങനെ പറയുന്നു: നിന്റെ കെട്ട് അഴിഞ്ഞുപോകുമ്പോൾ നീ അവന്റെ നുകം കഴുത്തിൽ നിന്ന് കുടഞ്ഞുകളയും (ഉല്പത്തി 27:40). എന്താണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്? ഇത് നിരാശയുടെ നുകമാണ്. ഉല്പത്തി 27:36 ൽ ഏശാവിനെ യാക്കോബ് ചതിച്ചതും ഏശാവിനെ നിരാശയുടെ നുകം ബാധിച്ചതും ആശ്വാസത്തിന്റെ വാഗ്ദത്തം ലഭിച്ചതും വായിക്കുന്നു. നിന്റെ കഴുത്തിൽ നിന്നും നുകം ഒടിച്ചു കളയും എന്നതാണ് ആ വാഗ്ദത്തം.

പ്രിയ സഹോദരീ സഹോദരന്മാരേ, മറ്റുള്ളവർ നിങ്ങളെ ചതിച്ചതിനാൽ നീ ഭാരപ്പെടുകയാണോ? സഹോദരീ, നിന്റെ ഭർത്താവ് നിന്നെ ചതിച്ചുവോ? പ്രിയ മാതാപിതാക്കളേ, നിങ്ങളുടെ മക്കൾ നിങ്ങളെ ചതിച്ചുവോ? നിങ്ങളുടെ നല്ല സുഹൃത്ത് നിന്നെ ചതിച്ചുവോ? ഇങ്ങനെ ചതിക്കപ്പെട്ടവരോട് ദൈവം എന്താണ് അരുളിച്ചെയ്യുന്നതെന്ന് അറിയാമോ? "നിന്റെ കഴുത്തിൽ നിന്നും നുകം ഒടിച്ചുകളയും". ദൈവം തന്നെ ഈ നുകങ്ങൾ ഒടിച്ചുകളയുമ്പോൾ നിരാശയുടെ നുകം ഒടി


## നികുതി ഇളവ്

**ഏതെങ്കിലും വ്യക്തിയോ സംഘടനയോ "ECHO OF HIS CALL EDUCATIONAL TRUST" ന് നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി. പ്രകാരം നികുതി ഇളവിന് അർഹമാണ് ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കൊ ഓഫ് ഹിസ് കോൾ എഡ്യുക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | |
|---|---|
| Account Name | : ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : 1023 2923 805 |
| Bank Name | : STATE BANK OF INDIA |
| Branch | : Triplicane, Chennai 600 005 |
| IFSC Code | : SBIN0000249 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" മത്തായി 24:15

**"നിന്റെ ജീവകാലത്ത് ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരെ നില്ക്കയില്ല" (യോശുവ 1:5)**

എന്റെ ചെറുപ്പകാലത്തിൽ നെൽവയലിൽ പണിയെടുക്കുവാൻ എന്റെ അപ്പൂപ്പൻ എന്നെ പഠിപ്പിച്ചിരുന്നു. തുടർച്ചയായി 12 മണിക്കൂർ നെൽവയലിലും മറ്റു വയലേലകളിലും പണിയാനുള്ള പരിചയം എനിക്കു സിദ്ധിച്ചിരുന്നു.

1969 ൽ ദൈവവിളി എനിക്കുണ്ടായപ്പോൾ ആരും എന്നോടൊപ്പം പ്രവർത്തിക്കുവാൻ താൽപ്പര്യപ്പെട്ടിട്ടില്ല. അതുകൊണ്ട് എല്ലാ കാര്യങ്ങളും ഒറ്റയ്ക്കുതന്നെ ചെയ്യേണ്ടിവന്നു. ദൈവത്തിന്റെ കൃപ എന്നോടൊപ്പം ഉണ്ടായിരുന്നു. എനിക്ക് ശുശ്രൂഷ ചെയ്യുവാനായി വാഹനമോ മറ്റു സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല.

അതിനാൽ സുവിശേഷം പ്രസംഗിക്കുവാൻ അനേകം മൈലുകൾ ഞാൻ നടന്നു. എന്റെ ശുശ്രൂഷയുടെ ആദ്യഘട്ടത്തിൽ കന്യാകുമാരി, തിരുനെൽവേലി, മധുര, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലൂടെ അനേകം മൈലുകൾ ഞാൻ കാൽനടയായി പോയി. ഇങ്ങനെയുള്ള നടത്തങ്ങളിൽ ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലുമുള്ള ലഘുലേഖകൾ വിതരണം ചെയ്യുവാനും സാധിച്ചു. പാപത്തിന്റെയും രോഗത്തിന്റെ പിടിയിലായിരുന്ന അനേകർ ഈ ലഘുലേഖകളിലൂടെ വിടുതൽ പ്രാപിച്ചു. ചില സ്ഥലങ്ങളിൽ എനിക്ക് സുവിശേഷം പ്രചരിപ്പിക്കുവാൻ തടസ്സങ്ങൾ ഉണ്ടായി. ശാരീരികമായ കൈയ്യേറ്റവും ചില സ്ഥലങ്ങളിൽ ഉണ്ടായി. പക്ഷെ പിന്നീട് നല്ല പുരുഷന്മാരെയും സ്ത്രീകളെയും ശുശ്രൂഷയിലേക്ക് ദൈവം കൊണ്ടുവന്നു. അതിൽ ചിലർ പണക്കാരും നല്ല വിദ്യാഭ്യാസമുള്ളവരുമായിരുന്നു. പോലീസി ലും പട്ടാളത്തിലുമുള്ളവർപോലും ഞങ്ങളുടെ എളിയ ശുശ്രൂഷയിൽ പങ്കുചേർന്നു. ചെന്നൈയിലെ ഫെയ്ത്ത് പ്രെയർ ആന്റ് ട്രാക്റ്റ് ലീഗിലെ ബ്രദർ സാമുവൽ ദാനിയേലിനെയും (Late) വടക്കനാട്ടിലെ റവ. ജെയിംസ് റൊണാൾഡിനെയും ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല. ഇവർ എന്നോടൊപ്പം പ്രവർത്തിക്കുകയും എനിക്കു വിതരണം ചെയ്യുവാനായി ലഘുലേഖകൾ സൗജന്യമായി തരികയും ചെയ്തു.

> **"Fear not, for I am with you; be not dismayed, for I am your God..." (Isaiah 41:10).**

> **"A little one shall become a thousand, and a small one a strong nation. I, the Lord, will hasten it in time" (Isaiah 60:22).**

ഞാൻ സുവിശേഷവുമായി പോയ എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളിലും അനേകം ക്രിസ്തീയ വിശ്വാസികളെയും പള്ളികളെയും കാണുവാൻ സാധിച്ചു. കൂടാതെ കാറിലും പ്ലെയിനിലുമായി ലോകം മുഴുവനും സുവിശേഷത്തിനുവേണ്ടി സഞ്ചരിക്കുവാനും ദൈവം എന്നെ അനുവദിച്ചു. ദൈവം എന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തരുന്നു. സങ്കീർത്തനക്കാരനോടൊപ്പം ചേർന്ന് യഹോവ എന്റെ ഇടയനാകുന്നു എനിക്കൊന്നിനും മുട്ടുണ്ടാകയില്ല എന്നു പ്രഖ്യാപിക്കുവാൻ കഴിയും.

പ്രിയ വായനക്കാരാ, നിങ്ങൾ ദാരിദ്ര്യത്തിലും ആവശ്യങ്ങളുടെയും മദ്ധ്യേ ദൈവീക ശുശ്രൂഷ ചെയ്യുകയാണെങ്കിൽ അവൻ നിന്നെ വിടുവിച്ച് നന്മകൾ തന്ന് നിന്നെ പോഷിപ്പിക്കും. പിന്നിലേക്ക് നോക്കരുത്. ദൈവത്തിൽ വിശ്വസിച്ച് അവനിൽ നിന്നും നന്മകൾ പ്രാപിക്കുവിൻ.

ദൈവം ആർക്കും കടക്കാരനല്ല, വിവേചനം കാണിക്കുന്നുമില്ല. ദൈവത്തിനു മുഖപക്ഷമില്ല എന്ന് പത്രോസ് വിളിച്ചു പറയുന്നു (അപ്പൊസ്തലപ്രവൃത്തികൾ 10:34). ചിലപ്പോൾ സമയമെടുത്തേക്കാം. അവന്റെ പാദപീഠത്തിൽ അമർന്നിരുന്ന് അനുഗ്രഹങ്ങൾക്കായി കാത്തിരിക്കാം. ദൈവം ഇന്നും ജീവനോടിരിക്കുന്നു. പേടിക്കേണ്ട, സന്തോഷത്തോടെയായിരിപ്പിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.


### Echo of His Call Postal Course

BIBLECOR

We offer a Postal Course on Basic Truths of The Bible to new christians and non-christians in English, Hindi & Tamil. You will get a course book entitled **New Life – For You!** with about 70 pages. After the completion of this course, you will get a certificate. **There will be no compulsory fees**. This courses is for candidates in India only.

***For more details, write to us.***

**The Chairman, Nehemiah Bible College,** Echo of His Call
10, Mohammed Abdullah 2nd Street, Opp. Cricket Stadium,
Chepauk, Chennai - 600 005, India.
**Ph.: (044) 2852 8282, 2852 9293, 2854 7766, Cell : 98410 71852, 90924 62566. E-mail : biblecor@yahoo.co.in**

RNI NO. 55468/94, Postal Regn. No. TN/CH (C)/199/18-20 WPP NO. TN/PMG(CCR)/WPP-221/18-20

*8-ാം പേജിന്റെ തുടർച്ച...*

ച്ചുകളയുവാനുള്ള കഴിവ് നിങ്ങൾക്കും ലഭിക്കുന്നു. നിനക്കു വിരോധമായി എഴുന്നേൽക്കുന്ന എല്ലാ നാവിനെയും നീ കുറ്റം വിധിക്കും. (യെശയ്യാവ് 54:17). കണ്ണുനീരിന്റെ താഴ്‌വരയിൽകൂടി കടന്നു പോകുമ്പോൾ നിരാശപ്പെട്ടു പോകരുത്. ദൈവം നിന്നെ ആശ്വസിപ്പിക്കും. വിടുതലിന്റെ ദിനം ഉടനെ വരും. നിന്റെ കഷ്ടതകൾക്ക് ഒരു അവസാനമുണ്ട്. നിന്റെ ആശ നാശമായിപ്പോകയില്ല.

**ഭാരമുള്ള നുകം**
**(1 രാജാക്കന്മാർ 12:4,11)**

ശലോമോൻ രാജാവിന്റെ മരണശേഷം ജനങ്ങൾ രെഹബെയാമിനെ സന്ദർശിച്ച് ഇങ്ങനെ പറഞ്ഞു. നിന്റെ അപ്പൻ ഭാരമുള്ള നുകം ഞങ്ങളുടെമേൽ വെച്ചു. (1 രാജാക്കന്മാർ 12:4). രെഹബെയാം പറഞ്ഞത് നിങ്ങളുടെ നുകത്തിന്റെ ഭാരം കൂട്ടും എന്നാണ് (12:11). ഈ നുകം ആധിപത്യത്തിന്റെ നുകമാണ്. ദൈവമക്കൾക്കെതിരെ പോരാടുന്ന അനേകം ആധിപത്യ നുകങ്ങളുണ്ട്. ഇതെല്ലാം കൂടെ അവരെ ഞെരുക്കി ശരിയായ രീതിയിൽ ദൈവത്തെ ആരാധിക്കുവാൻ കഴിയാത്ത അവസ്ഥയാകുന്നു. സഭകൾ ചുട്ടെരിക്കപ്പെടുന്നു. പല രാജ്യങ്ങളിലും ക്രിസ്ത്യാനികൾ പീഡനത്തിനിരയായിക്കൊണ്ടിരിക്കുന്നു. ഈ നുകങ്ങളുടെ ഭാരം ദിനംപ്രതി കൂടിക്കൂടി വരുന്നു. അനേകർ സഹിച്ചു വലയുന്നു. രെഹബെയാമിന്റെ ദുർവാശി മുഖാന്തിരം യിസ്രായേൽ രണ്ടാക്കപ്പെടുകയും ഒരു ഭാഗം നുകത്തിൽ നിന്നും രക്ഷപ്പെടുകയും ചെയ്യുന്നു. പൗലൊസ് പറയുന്നു: നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുത്, നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച.... അവരുടെ നടുവിൽ നിന്ന് പുറപ്പെട്ട് വേർപെട്ടിരിപ്പിൻ..... അശുദ്ധമായതൊന്നും തൊടരുത് (2 കൊരിന്ത്യർ 6:14,17). നിന്റെ നുകം എത്ര ഭാരമുള്ളതായാലും ദൈവം വിടുവിക്കും.

അടിമത്തത്തിന്റെ നുകം, നിരാശയുടെ നുകം, ഭാരമുള്ള നുകം ഇതൊക്കെയും ദൈവത്തിന്റെ സ്നേഹത്തിന്റെ നുകം വിടുവിക്കും (മത്തായി 11:29, 30). അവൻ നിങ്ങളെ സ്നേഹത്തിന്റെ ചരടിൽ ബന്ധിക്കും. ദൈവീകമായ വിടുതൽ നൽകുകയും ചെയ്യും.

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | | |
|---|---|---|---|
| 1. | പ്രാർത്ഥന സഹായങ്ങൾ | - | 24 മണിക്കൂർ |
| 2. | ബൈബിൾ കറസ്പോണ്ടൻസ് | - | തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 3. | വിളിയുടെ പ്രതിധ്വനി | - | മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നഡ, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 4. | നെഹെമ്യ ബൈബിൾ കോളെജ് (ര ണ്ട് കേന്ദ്രങ്ങൾ) | | |
| 5. | നെഹെമ്യ ബൈബിൾ കോളെജ് വിദൂര പഠനകേന്ദ്രം ഇംഗ്ലീഷ്, തമിഴ് | | |
| 6. | പരമനിയോഗ ദൗത്യ പങ്കാളികൾ | | |
| 7. | ട്രെയിനിംഗ് പരിപാടികൾ | | |
| 8. | ഫിലിം മിനിസ്ട്രി, ക്രൂസേഡുകൾ | | |
| 9. | കൈപ്രതി പ്രവർത്തനങ്ങൾ | | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ് | | |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ(ഇംഗ്ലീഷ് സ്കൂൾ) | | |
| 12. | സണ്ടേസ്ക്കൂൾ | - | ഞായർ രാവിലെ 8.30 മണി |
| 13. | തമിഴ് ആരാധന | - | രാവിലെ 5.00, 7.00 & ഞായർ 10.00 മണി |
| 14. | തെലുങ്ക് ആരാധന | - | ഞായർ വൈകുന്നേരം 4.00 മണി |
| 15. | ഹിന്ദി ആരാധന | - | ഞായർ വൈകുന്നേരം 5.00 മണി |
| 16. | മലയാളം ആരാധന | - | ഞായർ വൈകുന്നേരം 5.00 മണി |
| 17. | ഇംഗ്ലീഷ്-തമിഴ് ആരാധന | - | ഞായർ വൈകുന്നേരം 6.00 മണി |
| 18. | ലഘുലേഖ വിതരണം | - | ഞായർ വൈകുന്നേരം 2.30 മണി |
| 19. | പാസ്റ്റർമാരുടെ കൗൺസലിംഗ് | - | ഞായർ വൈകുന്നേരം 4.00 മണി |
| 20. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | - | ബുധൻ വൈകുന്നേരം 5.30 മണി |
| 21. | മദ്ധ്യആഴ്ച വചന ധ്യാനം | - | ബുധൻ വൈകുന്നേരം 6.30 മണി |
| 22. | യുവാക്കളുടെ യോഗം | - | വെള്ളി വൈകുന്നേരം 6.30 മണി |
| 23. | ശനിയാഴ്ച ആരാധന | - | ശനി വൈകുന്നേരം 5.00 മണി |
| 24. | ജോലിക്കാരുടെ യോഗം | - | ശനി വൈകുന്നേരം 6.00 മണി |
| 25. | ഭവന കൂട്ടായ്മ | - | തിങ്കൾ, ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 26. | പ്രത്യേക കർത്തൃമേശ | - | എല്ലാ മാസവും ആദ്യ ദിവസം രാവിലെ 5.30 മണി |
| 27. | സുവിശേഷകരുടെ അവലോകനം | - | ആദ്യ ശനിയാഴ്ച വൈകുന്നേരം 5.30 മണി |
| 28. | രക്ഷിതാക്കളുടെ പ്രാർത്ഥന | - | ആദ്യ ഞായറാഴ്ച വൈകുന്നേരം 4.00 മണി |
| 29. | രാത്രി പ്രാർത്ഥന | - | രണ്ടാം വെള്ളി രാത്രി 9.30 മണി |
| 30. | ഉപവാസ പ്രാർത്ഥന | - | ആദ്യ ശനി രാ വിലെ 9.30 മണി |
| 31. | കർത്തൃമേശ | - | രണ്ടാം ഞായർ ആരാധനയിൽ |
| 32. | പ്രഭാത ധ്യാനം | - | ദിവസവും രാവിലെ 5.00 മുതൽ 6.30 വരെ |
| 33. | സ്റ്റാഫുകളുടെ ധ്യാനം | - | ദിവസവും രാവിലെ 9.00 മണി |
| 34. | ഓഫീസ് | - | 9.00 am മുതൽ 9.00 pm വരെ (ഞായർ ഒഴികെ) |

**RNI NO. 55468/94**
**Postal Regn. No. TN/CH/(C)/199/18-20**
**WPP NO. TN/PMG(CCR) / WPP- 221/18-20**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month**
**Posted at "Egmore RMS / 1 Patrika Channel"**
**on 4th OCTOBER 2018**
**If un-delivered please return to:**

**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957,**
**Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

***JESUS LOVES YOU!***

**To**

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from 10, Mohammed Abdullah II Street, Chepauk, Chennai- 600 005 and printed by him at **Echo of His Call Printers** 10, Mohammed Abdullah II Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj**.